

# വായനക്കാരുടെ കത്തുകൾ/പ്രതികരണങ്ങൾ

കേരളീയം, കൊക്കാലെ, തൃശൂർ-21, e-mail : mailkeraleeyam@gmail.com

## ചേലോറക്കാരുടെ ദുരിതം തുടരുന്നു

**കണ്ണൂർ** നഗരസഭാധികൃതരുടെ എല്ലാവിധ പീഢനങ്ങളും അതിജീവിച്ചുകൊണ്ട് ചേലോറ ഗ്രാമനിവാസികൾ അവരുടെ നിലനിൽപ്പിനായുള്ള പോരാട്ടം തുടരുകയാണ്. തങ്ങളുടെ വീട്ടുമുറ്റത്ത് മാലിന്യം കൊണ്ടുതള്ളരുതെന്ന് പറഞ്ഞ് പ്രതിഷേധിക്കുന്ന അമ്മമാരെയും കുട്ടികളെയും വലിയ പോലീസ് സന്നാഹത്തെ ഉപയോഗിച്ച് തല്ലിച്ചതച്ചും അറസ്റ്റ് ചെയ്തുമൊക്കെ വീണ്ടും വീണ്ടും അവിടെ മാലിന്യം തള്ളിക്കൊണ്ടിരിക്കുകയാണ്.

മൂന്ന് മാസം മുമ്പ് ഒരുമാസത്തെ സമയം തന്നാൽ പ്രശ്നം പരിഹരിക്കാം എന്ന് പറഞ്ഞവർ ഇപ്പോൾ അക്കാര്യം മിണ്ടുന്നേയില്ല. തങ്ങളുടെ സ്ഥലത്ത് തങ്ങൾ ഇഷ്ടമുള്ളത് ചെയ്യും എന്ന ധിക്കാരമാണ് നഗരസഭ ചെയർപേഴ്സൺ കാണിക്കുന്നത്.

നഗരവാസികൾക്ക് പകർച്ച വ്യാധികൾ പിടിപെടാൻ ചേലോറക്കാർ പ്രവർത്തിക്കുന്നു എന്നാണ് നഗരസഭ ചെയർപേഴ്സൺ പത്രപ്രസ്താവന നടത്തിയിരിക്കുന്നത്. കണ്ണൂർ എം.പി. സുധാകരനും, എം.എൽ.എ അബ്ദുള്ളക്കുട്ടിയും അവർക്ക് പിന്തുണ നൽകുന്നുണ്ട്. മാലിന്യവണ്ടികൾ തടയുന്ന നാട്ടുകാരെ അറസ്റ്റ് ചെയ്യാൻ തുടങ്ങിയിട്ട് കുറേനാളായി. സ്ത്രീകളടക്കമുള്ളവരെ തല്ലിച്ചതക്കുകയും പീഢിപ്പിക്കുകയും ചെയ്യുന്നതിനെതിരെ ജില്ലാ പിരിസ്ഥിതി സമിതി കണ്ണൂരിൽ പരിപാടികൾ സംഘടിപ്പിച്ചിരുന്നു. പോലീസ്രാജിനെതിരായ പോസ്റ്ററുകൾ ഒട്ടിക്കുകയും പൊതുയോഗങ്ങൾ സംഘടിപ്പിക്കുകയും ചെയ്തു.

പ്ലാസ്റ്റിക് മാലിന്യങ്ങൾ ചേലോറയിൽ കൊണ്ടിടില്ല എന്ന ഉറപ്പ് ലംഘിച്ചതിൽ പ്രതിഷേധിച്ച് സമരപ്രവർത്തകർ പ്ലാസ്റ്റിക് കവറുകൾ ചാക്കിൽ നിറച്ച് നഗരസഭ ചെയർപേഴ്സന്റെ ചേമ്പറിൽ തള്ളുകയുണ്ടായി. സ്ത്രീകളും കൊച്ചുകുട്ടികളുമടക്കം 22 പേർ ഇതിൽ പങ്കെടുത്തു. പൊതുമുതൽ നശിപ്പിച്ചെന്നും ജനപ്രതിനിധികളെ ആക്രമിച്ചെന്നുമൊക്കെ കള്ളക്കേസുകൾ ചാർജ് ചെയ്ത് അവർ അറസ്റ്റ് ചെയ്തു. ഉപവാസം ഉൾപ്പെടെ ശക്തമായ സമരവുമായി മുന്നോട്ടുപോകാനാണ് ചേലോറക്കാർ തീരുമാനിച്ചിരിക്കുന്നത്. ജീവിക്കാനായി അവർ നടത്തുന്ന സമരത്തിൽ ശക്തി പകരാൻ മുഴുവൻ ആളുകളും ഒപ്പം നിൽക്കേണ്ടതാണ്.

**ആശ ഹരി, ചക്കരക്കൽ, കണ്ണൂർ**

## കൂടംകുളം: വിദേശസഹായവും മനോരമയും

**കൂടംകുളം** ആണവ വിരുദ്ധ സമരം ആരംഭിച്ചിട്ട് ഏതാണ്ട് രണ്ട് ദശാബ്ദങ്ങൾക്ക് മേലെയായി. പദ്ധതി ആരംഭിച്ച അന്ന് തൊട്ടുതന്നെ പതിനായിരക്കണക്കിന് ആളുകൾ പങ്കെടുത്ത പ്രതിഷേധ റാലികളും മറ്റും ശക്തമായി നടക്കുകയുണ്ടായി. ഈ വക പരിപാടികളുടെ വീഡിയോ ദൃശ്യങ്ങൾ പോലും ഇന്ന് ലഭ്യമാണ്. അക്കാലത്ത് നടന്ന പോലീസ് വെടിവെപ്പിൽ പരിക്കുപറ്റിയ വ്യക്തികൾ ഇന്നും കൂടങ്കുളം സമരത്തിൽ സജീവമാണ് എന്ന് കൂടങ്കുളം സന്ദർശിക്കുന്ന എല്ലാവർക്കും ബോധ്യമാണ്. എന്നിട്ടും കൂടങ്കുളം സമരം കഴിഞ്ഞ ആറേഴു മാസങ്ങൾ കൊണ്ടുണ്ടായ പ്രതിഭാസമാണെന്ന് വരുത്തിത്തീർക്കാനുള്ള ശ്രമങ്ങൾ അധികൃതരും ചില മാധ്യമങ്ങളും നടത്തിവരുന്നുണ്ട്. ഫുക്കുഷിമ അപകടം നടന്നതിനുശേഷം കൂടങ്കുളത്ത് നടന്ന പ്രക്ഷോഭങ്ങളിൽ പതിനായിരക്കണക്കിന് തദ്ദേശവാസികൾ പങ്കെടുത്തിട്ടും കഴിഞ്ഞ ആറുമാസക്കാലങ്ങളിൽ ഒരറ്റത്തവണപോലും വാർത്ത നൽകാൻ തയ്യാറാകാഞ്ഞ മലയാളത്തിലെ ഏറ്റവും അധികം 'വിൽക്കപ്പെട്ട പത്രം', മലയാള മനോരമ പക്ഷേ കൂടങ്കുളത്തിന് വിദേശസഹായം ലഭിക്കുന്നുണ്ടെന്ന നിരുത്തരവാദപരമായ പ്രസ്താവന പക്ഷേ മുൻപേജിൽ തന്നെ നൽകാൻ മറന്നില്ല. മനോരമയുടെ തന്നെ ഇംഗ്ലീഷ് ആഴ്ചപ്പതിപ്പായ 'ദ വീക്കും' എക്സ്ക്ലൂസീവായി കവർസ്റ്റോറി പ്രസിദ്ധികരിച്ചു. സമരത്തെ തകർക്കാനുള്ള അധികൃതരുടെ എല്ലാ അടവുകളും പരാജയപ്പെട്ടപ്പോഴാണ് ഫണ്ടിംഗ് വിവാദം സർക്കാർ ഏറ്റെടുത്തത്. എന്നാൽ പ്രധാനമന്ത്രിയുടെ പ്രസ്താവന ചീറ്റിപ്പോയപ്പോൾ ഏവ ഏറ്റെടുത്ത് പ്രചരണായുധമാക്കാൻ മുത്തശ്ശി പത്രങ്ങൾ തയ്യാറായി. പ്രധാനമന്ത്രിയുടെ പ്രസ്താവനയ്ക്ക് ഏതാനും നാൾ കഴിഞ്ഞ് ആഭ്യന്തരമന്ത്രി നടത്തിയ പ്രസ്താവന പക്ഷേ യഥാർത്ഥ സത്യത്തെ പുറത്തെത്തിക്കാൻ സഹായിക്കുന്നതാണ്. ചിദംബരം തന്റെ പ്രസ്താവനയിൽ പറയുന്നത് 'കൂടങ്കുളം സമരത്തിന് വിദേശഫണ്ട് ലഭിക്കുന്നുണ്ടോ എന്ന് പറയാൻ കഴിയില്ലെന്നും', 'അന്വേഷണവലയിലുള്ള സംഘടനകൾ ഫണ്ട് കൂടങ്കുളം സമരത്തിനായി ചെലവഴിച്ചിട്ടുണ്ട് എന്നത് അന്വേഷണം നടത്തിതെളിയിക്കേണ്ട വസ്തുതയാണെന്നും' ഒക്കെയായിരുന്നു. ഈ വാർത്തകളൊക്കെ മനോരമ മുൻപേജിൽ നിന്നും അപ്രധാന പേജിലേക്ക് മാറ്റിയെഴുതുകയാണ്. 100 ബില്യൺ ആണവകച്ചവടത്തിൽ ഇത്തരം 'വിൽക്കപ്പെട്ട' പത്രങ്ങൾളുടെ ലാഭത്തോത് എത്രയാണെന്നാണ് ഇനി പുറത്തുവരാനുള്ളത്.

**കെ.എസ്. ദേവൻ, കണ്ണൂർ**

**കേരളീയം വരിസംഖ്യ**
**240 രൂപ അയയ്ക്കുമല്ലോ...**

**വായനക്കാരുടെ പ്രതികരണങ്ങൾ**
അറിയിപ്പുകൾ അഭിപ്രായങ്ങൾ
**എഴുതുക/വിളിക്കുക/അയക്കുക**

കേരളീയം, കൊക്കാലെ, തൃശൂർ-21
ഫോൺ : 0487-2421385,9446576943
e-mail : mailkeraleeyam@gmail.com